Day 24 of 90 days ✝✝✝ 18th November 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിനെ അനുഗമിച്ചവരാരും ഇതുവരെ ഇരുളിൽ അകപ്പെട്ടിട്ടില്ല. ഇനിയും അകപ്പെടുകയും ഇല്ല. ലക്ഷ്യം എന്തെന്നു മനസ്സിലാക്കാതെ വലിയ കൂട്ടത്തെ പിൻപററുവാൻ ശ്രമിക്കുന്നവർ മനസ്സിലാക്കേണ്ടതായ ഒരു കാര്യം, രണ്ട് നിത്യതയാണ്. അവിടെ ചെന്നു എത്തുവാൻ രണ്ട് വഴികൾ മാത്രവും. ഒന്ന് വിശാലമായ വഴിയാണ്, അത് നാശത്തിലേക്കുള്ളതാണ്. അതു വഴി പോകുന്നവർ ധാരാളമാണ്. രണ്ടാമത്, ഇടുക്കവും ഞെരുക്കവും ഉള്ള വഴിയാണ്. അതു വഴി പോകുന്നവർ വളരെ ചുരുക്കമാണ്. എന്നാൽ അത് നിത്യജീവങ്കലേക്കുള്ള വഴിയാണ്. വിശാലമായ വഴിയിലൂടെ ധാരാളം പേർ പോകുന്നുണ്ടായിരിക്കാം, ആ കൂട്ടത്തെ പിൻപററുവാൻ ശ്രമിക്കുന്നവർ ആ വഴി തെരഞ്ഞെടുക്കാം. പക്ഷേ അതിന്റെ അവസാനം നാശമാണെന്ന് മനസ്സിലാക്കുക.

നിത്യജീവങ്കലേക്കുള്ള വഴി ഇടുങ്ങിയതും ഞെരുക്കമുള്ളതുമാണ്. അതു വഴി പോകുന്നവരുടെ എണ്ണം ചുരുക്കമാണ്. യേശു പറയുന്നത്, 'എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'. ക്രിസ്തുവിനെ പിൻപററുന്നത് അത്ര ലളിതമാണെന്ന് തെററ് ധരിക്കരുത്. അതിനായി ഒരുവൻ തന്നെത്താൻ ത്യജിക്കേണം, തന്റെ ക്രൂശ് എടുക്കണം. ക്രൂശ് നിന്ദയെയും പരിഹാസത്തെയും ശാരീരികവേദനയെയും കുറിക്കുന്നതാണ്. അത് എടുക്കുവാൻ ജഡം സമ്മതിക്കുകയില്ല. സ്വാർത്ഥത നിറഞ്ഞ ഈ ലോകത്തിൽ സ്വയത്യാഗം അത്ര എളുപ്പമല്ല. അതുകൊണ്ടാണ് അനേകരും യേശുവിനെ പിൻപററുവാൻ മടിക്കുന്നത്.

എന്നാൽ ക്രിസ്തീയ മാർഗ്ഗം, ക്രൂശിന്റെ മാർഗ്ഗമാണ്. അവിടെ കുറുക്കു വഴികൾ ഇല്ല. പോരാട്ടമില്ലാതെ ജയമില്ല, ക്രൂശു കൂടാതെ കിരിടമില്ല. ക്രിസ്തുവിനെ പിൻപററിയാൽ ലോകം നമുക്ക് അനുകൂലമായിരിക്കുകയില്ല. സാത്താൻ നമുക്ക് പ്രതികൂലമായിരിക്കും. യേശു നമ്മോടു കൂടെ ഉണ്ടായിരിക്കും. നിത്യജീവൻ നമ്മുടെ അവകാശമായിരിക്കും. സർഗ്ഗം നമ്മുടെ ഭവനമായിരിക്കും. കിരീടം നമ്മുടെ പദവിയായിരിക്കും. ആയതിനാൽ എന്തു വന്നാലും നമുക്ക് യേശുവിനെ അനുഗമിക്കാം.

തുടരും....